I ഇ.ബി. XV - കേരള നിയമസഭ/VI-4

**പതിനഞ്ചാം കേരള നിയമസഭ**

ആറാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2022 ആഗസ്റ്റ് 29, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. തിരുത്തിയ ഉത്തരം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1029-ന്റെ തിരുത്തിയ ഉത്തരം

പതിനഞ്ചാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 29-06-2022-ലെ 1029-ാം നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II. അടിയന്തരപ്രമേയം

### കെ.എസ്.ആർ.ടി.സി.-യിലെ പ്രതിസന്ധി

മി. സ്പീക്കർ: കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം രണ്ടുമാസമായി മുടങ്ങിയതും കോവിഡിനുശേഷം ബസ് സർവ്വീസുകൾ പൂർണ്ണമായും പുന:സ്ഥാപിക്കാൻ പരാജയപ്പെട്ടതുംകാരണം സാധാരണക്കാരായ ജനങ്ങൾ കഷ്ടത അനുഭവിക്കുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. വിൻസെന്റ്, കെ.പി.എ.മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): രാജ്യത്താകെ പൊതുഗതാഗത സംവിധാനം പ്രതിസന്ധി നേരിടുകയാണ്. കോവിഡ് മഹാമാരിയും ഡീസൽ വിലയിലെ അനിയന്ത്രിതമായ വർദ്ധനവും ഇന്ധന കമ്പനികൾ നൽകിവന്നിരുന്ന ആനുകൂല്യങ്ങൾ നിഷേധിച്ചതും കെ.എസ്.ആർ.ടി.സി.-യിലെ പ്രതിസന്ധി രൂക്ഷമാക്കിയിട്ടുണ്ട്. കോവിഡ് പ്രതിസന്ധിക്കുശേഷം ഘട്ടംഘട്ടമായി കൂടുതൽ ബസുകൾ നിരത്തിലിറക്കിയും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിച്ചും പ്രതിദിന വരുമാനം

ശരാശരി ആറ് കോടിരൂപയിലെത്തിച്ചിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക സഹായവും ഓവർഡ്രാഫ്റ്റും മുഖേനയാണ് കെ.എസ്.ആർ.ടി.സി. മുന്നോട്ടുപോകുന്നത്. സഹകരണ ബാങ്കുകളുടെ കൺസോർഷ്യത്തിലൂടെ പെൻഷൻ നൽകിവരുന്നുണ്ട്. ജൂലൈ-ആഗസ്റ്റ് മാസത്തെ പെൻഷൻ ഇന്ന് വിതരണം ചെയ്യുകയാണ്. സാമ്പത്തിക പ്രതിസന്ധിക്കിടയിലും 2022 ജനുവരി മുതൽ ശമ്പളപരിഷ്കരണം നടപ്പാക്കിയിട്ടുണ്ട്. 3750 ബസുകൾ പ്രതിദിനം ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ട്രേഡ് യൂണിയനുകൾ മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശങ്ങൾ പരിശോധിക്കണമെന്ന് മാനേജ്മെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രൊഫഷണൽ ബോർഡ് രൂപീകരിക്കാനും ബസ്-സ്റ്റാഫ് റേഷ്യോ കുറയ്ക്കാനും നോൺ ടിക്കറ്റ് റവന്യൂവിൽ വർദ്ധനവുണ്ടാക്കാനും മിനിമം ഡ്യൂട്ടി പെർ ഇയർ നടപ്പാക്കാനും ഏർണിംഗ് പെർ ബസ് വർദ്ധിപ്പിക്കാനും സ്വിഫ്റ്റ് സർവ്വീസുകളും ഗ്രാമവണ്ടിയും യാഥാർത്ഥ്യമാക്കാനും ഇലക്ട്രിക് ബസുകൾ നിരത്തിലിറക്കാനും ബഡ്ജറ്റ് ടൂറിസം വിജയകരമായി നടപ്പാക്കാനും സാധിച്ചിട്ടുണ്ട്. പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളുന്നതാണ്.

<u>ശ്രീ. എം. വിൻസെന്റ്</u>: കെ.എസ്.ആർ.ടി.സി.-യുടെ വരുമാനവും സർക്കാരിൽനിന്നുള്ള ധനസഹായവും വർദ്ധിച്ചിട്ടുണ്ടെങ്കിൽ നിലവിലെ പ്രതിസന്ധി പരിഹരിക്കാനാകേണ്ടതാണ്. ചെലവ് പെരുപ്പിച്ചു കാണിച്ചും കടം വാങ്ങിയും ജീവനക്കാരുടെ ശമ്പളം കൃത്യമായി കൊടുക്കാതെയും കെ.എസ്.ആർ.ടി.സി.-യെ തകർക്കുന്ന നടപടി പ്രതിഷേധാർഹമാണ്. ആശ്രിത നിയമനമോ ജീവനക്കാരുടെ ശമ്പളപരിഷ്കരണാനുകൂല്യങ്ങളോ യഥാസമയം നൽകുവാൻ കഴിഞ്ഞിട്ടില്ല. സർവ്വീസ് പരിഷ്കരണങ്ങളുടെ ഫലമായി കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം ഗണ്യമായി കുറഞ്ഞിരിക്കുകയാണ്. സുശീൽ ഖന്ന റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പാടെ അവഗണിക്കണം. ഇലക്ട്രിക് ബസ്സുകൾ വാങ്ങിയതുമായി ബന്ധപ്പെട്ടുണ്ടായ പോരായ്മകളെക്കുറിച്ച് അന്വേഷിക്കണം. ലാഭകരമായ റൂട്ടുകൾ കെ-സ്വിഫ്റ്റിന് കൈമാറിയും തൊഴിലാളികൾക്ക് ശമ്പളം നൽകാതെയും ഡീസൽ പ്രതിസന്ധിയുണ്ടാക്കി കെ.എസ്.ആർ.ടി.സി.-യെ തകർക്കാൻ ശ്രമിക്കുന്ന സർക്കാരിന്റെ നയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. ആന്റണി രാജു</u>): കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളം നൽകാൻ 80 കോടി രൂപ ആവശ്യമാണ്. സ്വകാര്യ

ബസ്സ് മുതലാളിമാരെ സഹായിക്കുന്നതിനുവേണ്ടിയാണ് കെ-സ്വിഫ്റ്റ് ബസ്സിനെതിരെ വ്യാജപ്രചരണം നടത്തുന്നത്. ദീർഘദൂര യാത്രകൾക്ക് സ്വകാര്യ ബസ്സുകളെ അപേക്ഷിച്ച് കെ-സ്വിഫ്റ്റിന്റെ നിരക്ക് കുറവാണ്. ദേശീയ ശരാശരിയെക്കാൾ ബസ്സ്-സ്റ്റാഫ് റേഷ്യോ കൂടിയ സാഹചര്യത്തിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നത് അധിക ചെലവാണ്. സുശീൽ ഖന്ന റിപ്പോർട്ട് അംഗീകരിക്കാൻ തയ്യാറായാൽ കെ.എസ്.ആർ.ടി.സി.-യിലെ പ്രതിസന്ധി പരിഹരിക്കാൻ സാധിക്കും. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, കെ. പി. എ. മജീദ്, പി. ജെ. ജോസഫ്, അനൂപ് ജേക്കബ് എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## III. ശ്രദ്ധക്ഷണിക്കൽ

(1) നാളികേര വിലത്തകർച്ച

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: അന്താരാഷ്ട്ര കരാറുകളുടെ അടിസ്ഥാനത്തിൽ നാളികേരവും നാളികേര ഉത്പന്നങ്ങളും അനിയന്ത്രിതമായി ഇറക്കുമതി ചെയ്യുന്നതും കൊപ്ര സംഭരിക്കാനുള്ള കേന്ദ്ര ഏജൻസിയായ നാഫെഡിന്റെ കർഷകവിരുദ്ധ നിലപാടും നാളികേരത്തിന്റെ വിലത്തകർച്ചയ്ക്ക് കാരണമായിട്ടുണ്ട്. നാളികേരാധിഷ്ഠിത മൂല്യവർദ്ധിത ഉത്പന്നങ്ങൾ വിപണിയിലിറക്കുന്നതിനായി നാളികേര വികസന ബോർഡിന്റെ സഹായത്തോടെ സൊസൈറ്റികളും ഫെഡറേഷനുകളും കമ്പനികളും രൂപീകരിച്ചെങ്കിലും ബോർഡിന്റെ സാമ്പത്തിക-സാങ്കേതിക സഹായം ലഭിക്കാതെ ഈ സംവിധാനം താറുമാറായി. നാളികേരത്തിന്റെയും കൊപ്രയുടെയും വിലത്തകർച്ചമൂലം പ്രതിസന്ധിയിലായ ലക്ഷക്കണക്കിന് കേരകർഷകരെയും അനുബന്ധത്തൊഴിലാളികളെയും രക്ഷിക്കാനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മൂലധന നിക്ഷേപം നടത്തണം. പഞ്ചായത്തടിസ്ഥാനത്തിൽ സംഭരണകേന്ദ്രം ആരംഭിച്ച് കർഷകർ ഉത്പാദിപ്പിക്കുന്ന നാളികേരം 32 രൂപയ്ക്ക് സംഭരിക്കാൻ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): കുറഞ്ഞ വിലയ്ക്ക് കൊപ്ര ഇറക്കുമതി ചെയ്യുന്നതും പാമോയിൽ ഇറക്കുമതി തീരുവ കുറച്ചതുമൂലം വെളിച്ചെണ്ണയുടെ ഉപയോഗത്തിൽ കുറവ് വന്നതും കേരളത്തിൽ നാളികേരത്തിന്റെയും കൊപ്രയുടെയും വിലത്തകർച്ചയ്ക്ക് കാരണമായി. നടപടിക്രമങ്ങളിലെ സ്വാഭാവികമായ കാലതാമസം, കാലാവസ്ഥാ വ്യതിയാനം, ഉയർന്ന ഉത്പാദനച്ചെലവ് എന്നിവ കാരണം മതിയായ അളവിൽ കൊപ്ര സംഭരിക്കാൻ സാധിക്കാത്തതിനാൽ സംഭരണ കാലാവധി മൂന്നുമാസത്തേയ്ക്കുകൂടി നീട്ടിനൽകണമെന്ന സർക്കാരിന്റെ ആവശ്യം നാളിതുവരയും കേന്ദ്രസർക്കാർ പരിഗണിച്ചിട്ടില്ല. സംസ്ഥാന സർക്കാർ 57 സംഭരണ കേന്ദ്രങ്ങൾവഴി വിപുലമായ പച്ചത്തേങ്ങ സംഭരണം ആരംഭിച്ച് ആയതിന്റെ വില കർഷകരുടെ അക്കൗണ്ടുകളിൽ ലഭ്യമാക്കിയിട്ടുണ്ട്; ആവശ്യമായ സ്ഥലങ്ങളിൽ കൂടുതൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിച്ച് പച്ചത്തേങ്ങ സംഭരണം ഊർജ്ജിതമാക്കുന്നതാണ്. പ്രാഥമിക സഹകരണ സംഘങ്ങളുടെ സേവനം ഉറപ്പാക്കുന്നതിന് സഹകരണ വകുപ്പ്/സംഘങ്ങളുമായി ചർച്ച നടത്തിയിട്ടുണ്ട്. കൊപ്ര സംഭരണം മൂന്നുമാസത്തേയ്ക്കുകൂടി നീട്ടണമെന്ന ആവശ്യം കേന്ദ്രസർക്കാർ

അംഗീകരിക്കുന്നമുറയ്ക്ക് സഹകരണ സംഘങ്ങളുടെ സേവനം ഉറപ്പാക്കി മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി സംഭരണകേന്ദ്രം ആരംഭിക്കുന്നതാണ്.

(2) <u>ആലപ്പുഴ മെഡിക്കൽ കോളേജിന്റെ ശോചനീയാവസ്ഥ</u>

<u>ശ്രീ. രമേശ് ചെന്നിത്തല</u>: ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയുടെ ശോചനീയാവസ്ഥ കണക്കിലെടുത്ത് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിനും ആശുപത്രി സൂപ്രണ്ടിനെ നിയമിക്കുന്നതിനും ആരോഗ്യ വകുപ്പുമന്ത്രി ആശുപത്രി സന്ദർശിക്കുന്നതിനും തയ്യാറാകണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്</u>): ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രി മൂന്നുതവണ സന്ദർശിച്ച് അവലോകന യോഗം നടത്തിയിട്ടുണ്ട്. പ്രസ്തുത ആശുപത്രിയിൽ ഓക്സിജൻ കിടക്കകൾ, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ യൂറോളജി, ഗ്യാസ്ട്രോ വിഭാഗത്തിൽ ആധുനിക ഉപകരണങ്ങൾ, കാർഡിയോ തൊറാസിക് വിഭാഗത്തിൽ എക്കോമെഷീൻ എന്നിവ സജ്ജമാക്കുകയും മരുന്നിന്റെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനുള്ള നിർദ്ദേശം കെ.എം.എസ്.സി.എൽ.-ന് നൽകുകയും ചെയ്തിട്ടുണ്ട്. റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിൽ കുറഞ്ഞ നിരക്കിൽ സ്കാനിംഗ് സൗകര്യം ഉറപ്പാക്കിയിട്ടുണ്ട്. അത്യാധുനിക

ശുചീകരണ മെഷീനുകൾ സ്ഥാപിക്കുകയും ക്ലീനിംഗ് സപ്പോർട്ടിംഗ് സ്റ്റാഫായി കുടുംബശ്രീ മുഖേന 100 തൊഴിലാളികളെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. പകർച്ചവ്യാധി തടയുന്നതിന് കൃത്യമായ ഇടവേളകളിൽ കൊതുക്/കൂത്താടി നശീകരണ പ്രവർത്തനങ്ങൾ നടത്തുകയും ബയോ മെഡിക്കൽ വേസ്റ്റ് അതത് ദിവസംതന്നെ 'കെൽ' എന്ന ഏജൻസി മുഖേന നിർമ്മാർജ്ജനം ചെയ്യുകകയും ചെയ്യുന്നുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. ട്രോമ കെയർ ബ്ലോക്ക്, കോംപ്രിഹെൻസീവ് സ്ട്രോക്ക് യൂണിറ്റ്, ഗൈനക്കോളജി ബ്ലോക്ക് എന്നിവയുടെ നിർമ്മാണം ഉടൻ പൂർത്തീകരിക്കുന്നതാണ്. ആലപ്പുഴ മെഡിക്കൽ കോളേജിന്റെ അക്കാദമികവും ചികിത്സാപരവുമായ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. രോഗികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവിന് ആനുപാതികമായി അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

## IV. സബ്മിഷൻ

### (1) ഓൺലൈൻ വായ്പാ തട്ടിപ്പ്

ശ്രീ. വി. ജോയി: ഓൺലൈൻ വായ്പാ തട്ടിപ്പ് തടയുന്നതിനും

ഇതുസംബന്ധിച്ച് ബോധവത്കരണം നൽകുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഓൺലൈൻ ആപ്പുകൾവഴി വായ്പയെടുത്ത് ചതിക്കുഴിയിൽപ്പെടുന്ന സംഭവങ്ങൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. റിസർവ് ബാങ്കിന്റെ നിയന്ത്രണങ്ങൾക്ക് വിധേയമല്ലാതെയും മണി ലെൻഡേഴ്സ് ആക്ടിന് വിരുദ്ധമായും മറ്റ് സംസ്ഥാനങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് ഇതിനുപിന്നിലെന്നാണ് സൂചന. ഇത്തരം തട്ടിപ്പ് കേസ്സുകളിന്മേൽ പോലീസ് ശക്തമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഓൺലൈൻ വായ്പാ തട്ടിപ്പ് കേസ്സുകളുടെ അന്വേഷണങ്ങളിൽ സഹായിക്കാൻ ഹൈടെക് എൻക്വയറി സെൽ പോലീസ് ആസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നുണ്ട്. ഓൺലൈൻ വായ്പാ തട്ടിപ്പ് സംഘങ്ങളുടെ ചതിക്കുഴിയിൽപ്പെടാതിരിക്കാൻ സംസ്ഥാന പോലീസിന്റെ സോഷ്യൽ മീഡിയ സെൽ, ജനമൈത്രി സുരക്ഷാ സെൽ എന്നിവയിലൂടെ ബോധവൽക്കരണം നടത്തിവരുന്നുണ്ട്.

(2) പദ്ധതി പ്രവർത്തനങ്ങളുടെ പൂർത്തീകരണം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഭരണാനുമതി ലഭിച്ചതും തദ്ദേശ സ്വയംഭരണ വകുപ്പ് തുക ഡെപ്പോസിറ്റ് ചെയ്യാത്തതുമായ പ്രവൃത്തികൾ

സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതനുസരിച്ച് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): അസറ്റ് ഡെവലപ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തിയ 4 പ്രവൃത്തികളുടെ ന്യൂനതകൾ പരിഹരിച്ച് തുക അനുവദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന പ്രവൃത്തികൾക്കുകൂടി തുക അനുവദിച്ച് പണി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(3) പാഠ്യപദ്ധതിയിൽ നിയമപഠനം ഉൾപ്പെടുത്തൽ

ശ്രീ. വി. ആർ. സുനിൽ കുമാർ: വിദ്യാർത്ഥികളിലെ നിയമ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് ഹൈസ്കൂൾതലം മുതൽ പാഠ്യപദ്ധതിയിൽ നിയമപഠനം ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): ഭരണഘടനയുടെ ആമുഖം, മൗലികാവകാശങ്ങൾ, മൗലിക കർത്തവ്യങ്ങൾ, നിർദ്ദേശക തത്വങ്ങൾ എന്നിവ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭരണഘടനയെക്കുറിച്ച് കുട്ടികളെ കൂടുതൽ

ബോധവാന്മാരാക്കുന്നതിനും ഉത്തമ പൗരന്മാരായി വളർത്തിയെടുക്കുന്നതിനും നിയമപഠനം അനിവാര്യമായതിനാൽ സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണ ഘട്ടത്തിൽ ഇക്കാര്യം ആലോചിക്കുന്നതാണ്.

(4) ആംബുലൻസ് സർവ്വീസുകൾക്കുള്ള പ്രവർത്തന മാർഗ്ഗരേഖ

ശ്രീ. സജി ചെറിയാൻ: സർക്കാർ-സ്വകാര്യ മേഖലയിലെ ആംബുലൻസ് സർവ്വീസുകൾക്ക് ജി.പി.എസ്. അധിഷ്ഠിത വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസ്, ഏകീകൃത നിരക്ക്, ഡ്രൈവർമാർക്ക് പെരുമാറ്റച്ചട്ടം എന്നിവ ഉൾപ്പെടെ പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): ആംബുലൻസുകൾക്ക് ജി.പി.എസ്. അധിഷ്ഠിത വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസ് നിർബന്ധമാക്കി സുരക്ഷാമിത്ര സോഫ്റ്റ്‌വെയറുമായി ബന്ധപ്പെടുത്തണമെന്ന് ചർച്ചയുടെ അടിസ്ഥാനത്തിൽ തീരുമാനിച്ചിട്ടുണ്ട്. ആംബുലൻസുകൾക്ക് പ്രത്യേക നിറം, ബോർഡിൽ എഴുതാവുന്ന കാര്യങ്ങൾ, ലൈറ്റുകൾ, ഹോൺ, സൈറൻ, ടെലി ഫെസിലിറ്റി തുടങ്ങിയവ സംബന്ധിച്ച് പൊതുവായ മാർഗ്ഗരേഖ തയ്യാറാക്കാൻ ഗതാഗത കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡ്രൈവർമാർക്ക് വർഷത്തിലൊരിക്കൽ പോലീസ് ക്ലിയറൻസ്

സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുള്ളതിനുപുറമെ ഐ.എം.എ.-യുടെയും മോട്ടോർ വാഹന വകുപ്പിന്റെയും നേതൃത്വത്തിൽ പരിശീലനം നൽകി സർട്ടിഫിക്കറ്റ് നൽകുന്നതും യൂണിഫോമും ബാഡ്ജും നൽകുന്ന കാര്യം പരിഗണനയിലുമാണ്. ആംബുലൻസുകൾക്ക് ഏകീകൃത വാടക നിശ്ചയിക്കുന്നത് സംബന്ധിച്ച് ലഭ്യമായ റിപ്പോർട്ട് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

(5) ഗോശ്രീ പാലങ്ങളും റോഡുകളും ഏറ്റെടുക്കൽ

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: ഗോശ്രീ പാലങ്ങളും അനുബന്ധ അപ്രോച്ച് റോഡുകളും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ഗോശ്രീ പാലങ്ങളുടെ പരിപാലന ചുമതലയുള്ള ജിഡ ആവശ്യപ്പെട്ടതനുസരിച്ച് പാലങ്ങളുടെ കുഴികൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും അറ്റകുറ്റപ്പണി, ഉപരിതലം പുതുക്കൽ എന്നീ പ്രവൃത്തികൾ ഡെപ്പോസിറ്റ് വർക്കായി ചെയ്യാമെന്ന് ജിഡയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ ഗുണനിലവാരമുയർത്തുന്നതിന് ബി.എം.&ബി.സി.

പോലുള്ള സാമ്പത്തിക ബാധ്യതയുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മറ്റ് വകുപ്പുകളുടെ റോഡുകൾ ഏറ്റെടുക്കുന്ന കാര്യം തീരുമാനിച്ചിട്ടില്ല.

(6) ഏറനാട്ടിലെ റോഡ് നവീകരണം

ശ്രീ. പി. കെ. ബഷീർ: എരഞ്ഞിമാവ്-എടവണ്ണ, അരീക്കോട് സൗത്ത് പുത്തലം-മഞ്ചേരി നെല്ലിപ്പറമ്പ് റോഡ് നവീകരണവുമായി ബന്ധപ്പെട്ട പീപ്പിൾ അഫക്റ്റഡ് പ്രോജക്ട് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): എരഞ്ഞിമാവ് റോഡിന്റെ നവീകരണത്തിനായി സ്ഥലം വിട്ടുനൽകിയവർക്ക് ചുറ്റുമതിലും ഗേറ്റും പുനർനിർമ്മിച്ചുനൽകുന്നതുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റിൽ മാറ്റംവരുത്തി പ്രവൃത്തി സമയബന്ധിതമായി നടത്തുന്നതിന് കെ.എസ്.ടി.പി. ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(7) പെരുവാമൂഴി-പിറവം റോഡ് പൂർത്തീകരണം

ശ്രീ. അനൂപ് ജേക്കബ്: ഡി.പി.ആർ.-ലെ അപാകതകൾ പരിഹരിച്ച് പെരുവാമൂഴി-പിറവം റോഡ് നിർമ്മാണം സമയബന്ധിതമായി

പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പെരുവാമൂഴി-പിറവം റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം പരിശോധിക്കുന്നതിന് കൺസ്ട്രക്ഷൻ സൂപ്പർവിഷൻ കൺസൽട്ടന്റ്, പ്രോജക്ട് മാനേജ്മെന്റ് ടീം, വകുപ്പുദ്യോഗസ്ഥർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനത്തിലെ കൃത്യത ഉറപ്പുവരുത്താൻ കെ.എസ്.ടി.പി. ഡയറക്ടറെ ചുമതലപ്പെടുത്തുന്നതാണ്.

## (8) റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം

ശ്രീ. ടി. ജെ. വിനോദ്: സ്ഥലമേറ്റെടുക്കൽ ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിച്ച് വാതുരുത്തി, വടുതല, അറ്റ്ലാന്റിസ് എന്നീ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): എറണാകുളം ജില്ലയിലെ വടുതല, വാതുരുത്തി, അറ്റ്ലാന്റിസ് എന്നീ മൂന്ന് റെയിൽവേ മേൽപ്പാലങ്ങളും കിഫ്ബി ധനസഹായത്തോടെ ആർ.ബി.ഡി.സി.കെ. ആണ് നിർമ്മിക്കുന്നത്.

വടുതല, അറ്റ്ലാന്റിസ് എന്നീ റെയിൽവേ മേൽപ്പാലങ്ങളുടെ സ്ഥലമേറ്റെടുക്കൽ നടപടികളും മറ്റ് അനുബന്ധ ജോലികളും പുരോഗമിക്കുകയാണ്. വടുതല റെയിൽവേ മേൽപ്പാലം പദ്ധതിയുടെ ജി.എ.ഡി. (General Agreement Drawings)-ക്ക് റെയിൽവേ അംഗീകാരം ലഭിക്കുകയും അറ്റ്ലാന്റിസ് പദ്ധതി അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയുമാണ്. വാത്തുരുത്തി പദ്ധതിക്ക് നേവിയുടെ എൻ.ഒ.സി. ലഭ്യമാക്കുന്നതിനുള്ള പരിശ്രമം തുടരുകയാണ്. ഇക്കാര്യത്തിൽ തുടർനടപടിക്കായി പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതാണ്.

(9) കണ്ണൂർ ജില്ലാ ആശുപത്രിയുടെ വികസനം

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: കണ്ണൂർ ജില്ലാ ആശുപത്രിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): കണ്ണൂർ ജില്ലാ ആശുപത്രിയിൽ താൽക്കാലിക ജീവനക്കാരുൾപ്പെടെ നിലവിൽ 709 ജീവനക്കാരുടെ സേവനം ലഭ്യമാണ്. വിവിധ വിഭാഗങ്ങളിലായി 13 തസ്തികകൾ പുതുതായി സൃഷ്ടിക്കുകയും

നെഫ്രോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കുകയും ആധുനിക കാത്ത് ലാബ് സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്.

(10) കുന്നംകുളം താലൂക്കാശുപത്രിയുടെ വികസനം

ശ്രീ. എ. സി. മൊയ്തീൻ: കുന്നംകുളം താലൂക്കാശുപത്രിയുടെ വികസനത്തിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): കുന്നംകുളം താലൂക്കാശുപത്രിയിൽ പെയിൻ ആന്റ് പാലിയേറ്റീവ് കെയറിന്റെയും പേവാർഡിന്റെയും കെട്ടിട നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആശുപത്രിയുടെ സമഗ്ര വികസനത്തിനായി കിഫ്ബി ധനസഹായത്തോടെയുള്ള നിർമ്മാണ പ്രവൃത്തികൾക്കായുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ഇൻകെൽ-നെ തെരഞ്ഞെടുത്തിട്ടുണ്ട്. ഡിസൈൻ റിവ്യൂ നിർദ്ദേശങ്ങൾക്കും ഗൃഹമാനദണ്ഡങ്ങൾക്കുമനുസൃതമായി ഇൻകെൽ സമർപ്പിച്ച സ്ട്രക്ചറൽ ഡിസൈനും അനുബന്ധ ഡ്രോയിംഗ്സും പുതുക്കിയ എസ്റ്റിമേറ്റുമുൾപ്പെടെ പരിശോധിച്ച് അന്തിമ റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയുടെ അടുത്ത ബോർഡ്/എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിച്ച് പദ്ധതിക്ക് ധനകാര്യാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് കിഫ്ബി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## V. റിപ്പോർട്ടുകളുടെ സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

(1) 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ, 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ റിപ്പോർട്ടുകൾ.

(2) 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ റിപ്പോർട്ട്.

(3) 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII- ന്റെ റിപ്പോർട്ട്.

(4) 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX- ന്റെ റിപ്പോർട്ട്.

## VI. റൂളിംഗ്

<u>നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ നോട്ടീസുകൾ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ച്</u>

<u>മി. സ്പീക്കർ</u>: 23-08-2022-ന് മറുപടി പറയേണ്ട നക്ഷത്രചിഹ്നമിട്ട

ചോദ്യമായി സഭയിൽ ഉന്നയിക്കുന്നതിന് നൽകിയ 26 നോട്ടീസുകൾ നക്ഷത്രചിഹ്നമിടാത്ത ചോദ്യമാക്കി മാറ്റിയപ്പോൾ ചട്ടം 39-ന്റെ ക്ലിപ്ത നിബന്ധനപ്രകാരം നോട്ടീസ് നൽകിയ അംഗത്തോട് വാങ്മൂലം ഉത്തരം നൽകേണ്ടതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെടാത്ത നടപടി ക്രമപ്രകാരമല്ലെന്ന ശ്രീ. എ. പി. അനിൽകുമാറിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച് അംഗങ്ങൾ നൽകിയിരുന്ന നോട്ടീസും അനുബന്ധ രേഖകളും വിശദമായി പരിശോധിച്ചു. സഭാചട്ടങ്ങളിൽ അനുബന്ധമായി ചേർത്തിട്ടുള്ള നിർദ്ദേശങ്ങളിലെ 1(സി), (ഇ), (ജി), നിയമസഭാ നടപടിചട്ടം 39 എന്നിവയിൽ വ്യവസ്ഥ ചെയ്തതുപ്രകാരം തന്നെയാണ് പരാമർശ വിധേയമായ 26 ചോദ്യങ്ങളും നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയതെന്നതിനാൽ ഇക്കാര്യത്തിൽ ക്രമരഹിതമായോ ചട്ടവിരുദ്ധമായോ ഒന്നും സംഭവിച്ചിട്ടില്ല. ആഗസ്റ്റ് 23-ാം തീയതിയിലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ട ചോദ്യം നമ്പർ 7-ന്റെ (സി) പിരിവിൽ, 'സംസ്ഥാനത്തെ എം.പി.-മാരിൽ മഹാഭൂരിപക്ഷവും പാർലമെന്റിൽ സംസ്ഥാന വികസന താൽപ്പര്യത്തിന് വിരുദ്ധമായ നിലപാട് സ്വീകരിക്കുന്നുണ്ടെന്ന് പറയപ്പെടുന്ന സാഹചര്യത്തിൽ സംസ്ഥാന വികസനത്തിന് ഗുണമാകുന്ന തരത്തിൽ

ഒറ്റക്കെട്ടായി നിൽക്കാൻ സംസ്ഥാന സർക്കാർ അവരോട് ആവശ്യപ്പെട്ടുമോ' എന്ന ചോദ്യം അൺഫെയർ ആണെന്നും അത് വേണ്ട രീതിയിൽ എഡിറ്റ് ചെയ്യാതെ അനുവദിക്കപ്പെട്ട സാഹചര്യം പരിശോധിക്കണമെന്നുമുള്ള ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ആവശ്യവും ചെയർ വിശദമായി പരിശോധിച്ചു. മുകളിൽ പരാമർശിച്ചിട്ടുള്ള ചോദ്യത്തിന്റെ നോട്ടീസ് പരിശോധിച്ച് എഡിറ്റ് ചെയ്ത് അനുമതി നൽകുന്ന കാര്യത്തിൽ നിയമസഭാ സെക്രട്ടേറിയറ്റിന്റെ ഭാഗത്ത് വീഴ്ച സംഭവിച്ചതായാണ് കാണുന്നത്. ഈ സഭയുടെ കാലത്ത് ഒന്നാം സമ്മേളനത്തിൽത്തന്നെ ഇതുസംബന്ധിച്ച് വ്യക്തമായ റൂളിംഗ് നൽകിയിട്ടും ഇത്തരത്തിലുള്ള അപാകതകൾ ചോദ്യങ്ങളുടെ ലിസ്റ്റിൽ കടന്നുകൂടുന്നത് യാതൊരു കാരണവശാലും അംഗീകരിക്കാനാകുന്നതല്ല. ഇത്തരം വീഴ്ചകൾ മേലിൽ ആവർത്തിക്കരുതെന്ന് ബന്ധപ്പെട്ടവരെ ചെയർ ശക്തമായി താക്കീത് ചെയ്യുന്നു. ചോദ്യങ്ങളിൽ ആക്ഷേപകരവും അനുചിതവുമായ പരാമർശങ്ങൾ കടന്നുകൂടാതിരിക്കാൻ ബഹുമാനപ്പെട്ട അംഗങ്ങൾ പ്രത്യേകമായി ശ്രദ്ധിക്കേണ്ടതാണെന്ന ചെയറിന്റെ മുൻ റൂളിംഗ് നിലവിലുള്ളപ്പോൾത്തന്നെ ചോദ്യ നോട്ടീസുകളിലൂടെ ബോധപൂർവ്വം ഇത്തരത്തിലുള്ള പരാമർശങ്ങൾ നടത്തുന്നതിലുള്ള അസന്തുഷ്ടിയും ഈ സന്ദർഭത്തിൽ അറിയിക്കുന്നു.

## VII. നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും:

(i) 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സഹകരണ ബാങ്കിംഗ് മേഖലയിലെ ത്രിതല സംവിധാനത്തെ ദ്വിതല സംവിധാനമായി മാറ്റി കേരള ബാങ്ക് രൂപീകരിച്ചതിലൂടെ മികച്ച രീതിയിൽ പ്രവർത്തിക്കുകയും പ്രതിസന്ധിഘട്ടങ്ങളിൽ സർക്കാരിന്റെ അനുമതിയോടെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ സഹായിക്കുകയും ചെയ്തിരുന്ന ജില്ലാ സഹകരണ ബാങ്കുകൾ പൂർണ്ണമായും ഇല്ലാതാകുകയും സംസ്ഥാന സർക്കാരിന്റെ അധീനതയിലായിരുന്ന സഹകരണ ബാങ്കുകൾ കേന്ദ്ര

സർക്കാരിന്റെ അധീനതയിലാകുകയും ചെയ്തിട്ടുണ്ട്. കേരളാ ബാങ്കിൽനിന്നും ആവശ്യമായ സഹായം നൽകി മലപ്പുറം ജില്ലാ സഹകരണ ബാങ്കിന് നിലവിലെ രീതിയിൽത്തന്നെ പ്രവർത്തിക്കാൻ അനുമതി നൽകണം. സഹകരണ സ്ഥാപനങ്ങളിലെ വർദ്ധിച്ചുവരുന്ന ക്രമക്കേടുകൾ തടയുന്നതിനും പഴുതടച്ചുള്ള ഓഡിറ്റിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും സഹകരണ വകുപ്പിലെ യൂണിറ്റ് ഇൻസ്പെക്ടർതലം മുതലുള്ള ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനും നടപടി സ്വീകരിക്കണം. സഹകരണ സംഘം ജീവനക്കാരുടെ അവകാശങ്ങളും പ്രൊമോഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും നിഷേധിക്കുന്ന നിയമഭേദഗതികൾ പിൻവലിക്കണം.

<u>ശ്രീ. സജീവ് ജോസഫ്</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. പ്രതിഷേധങ്ങൾ അവഗണിച്ചും ജില്ലാ സഹകരണ ബാങ്കുകളെ ഇല്ലാതാക്കിയും കേരള ബാങ്ക് രൂപീകരിച്ച നടപടി അങ്ങേയറ്റം പ്രതിഷേധാർഹമാണ്. അനതിവിദൂര ഭാവിയിൽ കേരള ബാങ്കിനെ പിരിച്ചുവിട്ട് ജില്ലാ സഹകരണ ബാങ്കുകളിലേയ്ക്ക് തിരിച്ചുവരാൻ സംസ്ഥാനം നിർബന്ധിതമാകും. നിക്ഷേപ ഗ്യാരന്റിയുമായി ബന്ധപ്പെട്ട് സഹകാരികളുടെ ആശങ്ക പരിഹരിച്ച് സഹകരണ മേഖലയുടെ വിശ്വാസ്യത വീണ്ടെടുക്കാനും ശക്തിപ്പെടുത്താനുമുതകുന്ന വിധം സമഗ്ര നിയമനിർമ്മാണം കൊണ്ടുവരണം.

ജനാധിപത്യവിരുദ്ധ മാർഗ്ഗങ്ങളിലൂടെ മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ ഇല്ലാതാക്കാനുള്ള ഗൂഢശ്രമത്തിൽനിന്നും പിന്തിരിയണം.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള സഹകരണസംഘ (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരള ബാങ്കിന് ദേശീയതലത്തിലുൾപ്പെടെ നിരവധി ബഹുമതികൾ നേടാനായതും നിക്ഷേപ സമാഹരണത്തിൽ മികച്ച നേട്ടമുണ്ടാക്കാൻ കഴിഞ്ഞതും ശ്രദ്ധേയമാണ്. പ്രതിസന്ധിയിലാകുന്ന സഹകരണ ബാങ്കുകളെ സഹായിക്കാൻ സംസ്ഥാന സർക്കാർ രൂപീകരിക്കുന്ന സംരക്ഷണ നിധി സഹകരണ മേഖലയ്ക്കാകെ ഊർജ്ജം പകരുന്നതാണ്. നിക്ഷേപത്തിന് സർക്കാർ ഉറപ്പുനൽകുന്നതും അഴിമതി നടത്തുന്നവരുടെ സ്വത്തുക്കൾ കണ്ടുകെട്ടുമെന്ന പ്രഖ്യാപനവും സ്വാഗതാർഹമാണ്. സഹകരണപ്രസ്ഥാനത്തെ തകർക്കാനുള്ള ഗൂഢപദ്ധതികൾക്കെതിരെ ജാഗ്രത പുലർത്തണം.

ശ്രീ. ടി. ജെ. വിനോദ് ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. യു. എ. ലത്തീഫ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട്

കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മലപ്പുറം ജില്ലാസഹകരണ ബാങ്കിനെ ലക്ഷ്യം വച്ചുകൊണ്ടുള്ള ഒരു ബില്ലാണിത്. കേന്ദ്ര സർക്കാരിന്റെ അപ്പക്സ് കോർപ്പറേഷൻ ലിമിറ്റഡ് രൂപീകരണവും ആർ.ബി.ഐ.-യുടെ നിർദ്ദേശങ്ങളും സഹകരണ ബാങ്കുകളെ ദോഷകരമായി ബാധിക്കുന്നവയാണ്. ജപ്തി നടപടികളുമായി ബന്ധപ്പെട്ട് വൻതുക ഫീസ് ഈടാക്കുന്നതിനുള്ള വ്യവസ്ഥ ഒഴിവാക്കാനാവശ്യമായ ഇടപെടൽ നടത്തണം. നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളെ സഹായിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. മലപ്പുറം ജില്ലാ ബാങ്കിന്റെ ലയനവുമായി ബന്ധപ്പെട്ട് ആർ.ബി.ഐ.-യുടെ നിർദ്ദേശങ്ങൾ നിയമപരമായി നിലനിൽക്കുന്നതല്ല. വിജയകരമായി മുന്നോട്ടുപോകുന്ന മലപ്പുറം ജില്ലാ ബാങ്കിനെ സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിക്കണം. സഹകരണ ബാങ്കുകളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ഡയറക്ടർ എന്നിവരുടെ ഓണറേറിയം കാലോചിതമായി വർദ്ധിപ്പിക്കണം.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (<u>ശ്രീ. വി. എൻ. വാസവൻ</u>: സഹകരണ മേഖലയുമായി ബന്ധപ്പെട്ട് ഭരണ-പ്രതിപക്ഷാംഗങ്ങൾ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ സ്വാഗതാർഹമാണ്. ജില്ലാ സഹകരണ ബാങ്കുകൾ കേരള ബാങ്കിൽ ലയിക്കുന്നതിനുള്ള കാലാവധി ഒരു

വർഷത്തേയ്ക്കുകൂടി നീട്ടണമെന്ന ഭേദഗതി അംഗീകരിച്ചാൽമാത്രമേ മലപ്പുറം ജില്ലാ സഹകരണ ബാങ്കിന് നിലനിൽക്കാൻ കഴിയൂ. ആർ.ബി.ഐ.-യുടെ അനുമതി ലഭിച്ചാലുടൻതന്നെ ലയനപ്രക്രിയ പൂർത്തീകരിക്കുന്നതാണ്. കേരള ബാങ്കിന്റെ 769 ശാഖകളിലൂടെ 35 ഇനം വായ്പകൾ നൽകിവരുന്നുണ്ട്. ഈടില്ലാതെ 5 ലക്ഷം രൂപയും വ്യക്തിഗത ഇനത്തിൽ സബ്സിഡിയോടുകൂടി 60 ലക്ഷം രൂപയും എം.എസ്.എം.ഇ.-കൾക്ക് ഒരു കോടി രൂപയും വായ്പയായി അനുവദിക്കുന്നുണ്ട്. ജില്ലാ സഹകരണ ബാങ്കിനുണ്ടായിരുന്നതിനേക്കാൾ സുതാര്യമായ വായ്പാ സംവിധാനങ്ങളാണ് കേരള ബാങ്കിൽ നിലവിലുള്ളത്. ലാഭത്തിൽ പ്രവർത്തിക്കുന്ന കേരള ബാങ്കിന്റെ സഞ്ചിതനഷ്ടം കുറച്ചുകൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. ആഡിറ്റ് ഫലപ്രദമായി നടപ്പാക്കുകയും പത്തനംതിട്ട ജില്ലയിൽ ടീം ആഡിറ്റ് സംവിധാനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കർശനമായ പരിശോധനകളിലൂടെ സംഘങ്ങളിലെ ക്രമക്കേടുകൾ കണ്ടെത്തി കൃത്യമായ നടപടി സ്വീകരിക്കുന്നതാണ്. പിന്നാക്കം നിൽക്കുന്ന സഹകരണ സംഘങ്ങളെ സംരക്ഷിക്കുന്നതിനായി സഹകരണ സംരക്ഷണ നിധി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ-സഹകരണ വകുപ്പുകൾ യോജിച്ചുകൊണ്ട് വികസനപ്രവർത്തനങ്ങൾക്കായി സർപ്ലസ്

ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിനാവശ്യമായ പദ്ധതി ആവിഷ്കരിക്കും. പക്ഷപാതപരമായി പെരുമാറുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. സഹകരണ ബാങ്കുകളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ഡയറക്ടർ എന്നിവരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതും ജപ്തി നടപടിയുമായി ബന്ധപ്പെട്ട ഫീസിലുണ്ടായിരിക്കുന്ന വർദ്ധനവ് ലഘൂകരിക്കാൻ ഇടപെടുന്നതുമാണ്. കേരള ബാങ്കിന്റെ ആധുനികവൽക്കരണം ത്വരിതഗതിയിൽ നടന്നുവരികയാണ്. ഓൺലൈൻ ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുന്നതിനും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുമായി ഐ.ടി. ഇന്റഗ്രേഷൻ നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

181, 183, 185, 186, 187 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

188, 190, 191 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

111, 115, 119, 120, 121, 126, 127, 131, 132, 133, 134, 135, 136, 137, 138, 140, 144 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ശബ്ദവോട്ടോടെ പാസ്സാക്കി.

(ii) 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ്

ദേവർകോവിൽ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീമതി ഉമ തോമസ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ബില്ലിലെ വ്യവസ്ഥകൾ കേരള മാരിടൈം ബോർഡിന്റെ സ്വയംഭരണാധികാരത്തെ ഹനിക്കുന്നതും മൂലനിയമത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾക്ക് വിരുദ്ധവുമാണ്. തീരശോഷണം തടയുന്നതിനും മത്സ്യത്തൊഴിലാളികളുടെ വീടും മത്സ്യബന്ധനോപകരണങ്ങളും സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം. ബോർഡ് രൂപീകരണസമയത്ത് ഓപ്ഷൻ നൽകി ബോർഡിന്റെ ജീവനക്കാരായി മാറിയവരുടെ ആനുകൂല്യങ്ങൾ സംരക്ഷിക്കുന്ന വ്യവസ്ഥകൾ നിയമത്തിൽ ഉൾപ്പെടുത്തണം. മാരിടൈം ബോർഡിന്റെ ആസ്ഥാനം തിരുവനന്തപുരത്തേയ്ക്ക് മാറ്റാനുള്ള തീരുമാനം തൽപ്പരകക്ഷികളെ സഹായിക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ്. മൂലനിയമത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾക്ക് വിരുദ്ധമായ ഭേദഗതികളാണ്

കൊണ്ടുവന്നിട്ടുള്ളത്.

ശ്രീ. സജി ചെറിയാൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എച്ച്. സലാം: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ബില്ലിൽ ഭേദഗതി വരുത്തുന്നത് സർക്കാരിന് അധിക സാമ്പത്തിക ബാധ്യത സൃഷ്ടിക്കുമെന്ന വാദം അടിസ്ഥാനരഹിതമാണ്. ഭരണപരമായ സൗകര്യവും തുറമുഖങ്ങളുടെ വികസനപ്രക്രിയയിൽ സർക്കാരിന്റെ ഇടപെടലും ഉറപ്പാക്കാൻ കഴിയുന്ന ഭേദഗതികളാണ് കൊണ്ടുവന്നിട്ടുള്ളത്. ബോർഡിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി വ്യാപാര-വിനോദസഞ്ചാരമേഖലകളിലെ സാധ്യതകൾ ഉപയോഗപ്പെടുത്താൻ കഴിയണം. ചരക്കുനീക്കം ജലമാർഗ്ഗമാക്കിയാൽ റോഡിലെ തിരക്കും അപകടങ്ങളും കുറയ്ക്കാൻ സാധിക്കും. ആലപ്പുഴ ഉൾപ്പെടെയുള്ള തുറമുഖങ്ങൾ ടൂറിസ്റ്റ് സെന്ററുകളാക്കി വികസിപ്പിക്കുന്നതോടൊപ്പം കടൽ യാത്രാ സൗകര്യം ഉപയോഗപ്പെടുത്താൻ സാധിക്കുമോയെന്ന് പരിശോധിക്കണം. ജലാശയങ്ങൾ ഉപയോഗപ്പെടുത്തി വാട്ടർ സ്പോർട്സിന്റെ സാധ്യതകൾ കണ്ടെത്തണം. സാഗർമാല പദ്ധതി സംസ്ഥാനത്തിന്

പ്രയോജനകരമാകുംവിധം ഉപയോഗപ്പെടുത്താൻ ശ്രമിക്കണം. ചെറുകിട-ഇടത്തരം തുറമുഖങ്ങളെ നവീകരിക്കുകയും വികസിപ്പിക്കുകയും ചെയ്താൽ തീരസംരക്ഷണം ഉറപ്പാക്കാനും തൊഴിൽസാധ്യത വർദ്ധിപ്പിക്കാനും സാധിക്കും. ബില്ലിലെ ഭേദഗതികൾ നടപ്പാക്കുന്നതോടെ മാരിടൈം മേഖലയിൽ മികച്ച ഏകോപനവും വികസനമുന്നേറ്റവുമുണ്ടാക്കാൻ കഴിയും.

ശ്രീ. പി. കെ. ബഷീർ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എൻ. ഷംസുദ്ദീൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരള മാരിടൈം ബോർഡ് നിലവിൽ വന്ന് 5 വർഷം കഴിഞ്ഞിട്ടും സംസ്ഥാനത്തെ 17-ൽപ്പരം ചെറുകിട തുറമുഖങ്ങളിൽ യാതൊരു വികസനവും നടത്താൻ സാധിക്കാത്തത് ബോർഡിന്റെയും വകുപ്പിന്റെയും പരാജയമാണ്. സൗകര്യങ്ങളുടെ അപര്യാപ്തതമൂലം മത്സ്യസമ്പത്ത് വിനിയോഗിക്കാൻ കഴിയാത്തത് മാരിടൈം ബോർഡിന്റെ പോരായ്മയാണ്. തീരദേശ-ഉൾനാടൻ ജലഗതാഗത മേഖലയിൽ കാര്യമായ ഇടപെടൽ നടത്താൻ ബോർഡിന് സാധിച്ചിട്ടില്ല. ചരക്ക് ഗതാഗതത്തിനും യാത്രയ്ക്കുമായി ജലമാർഗ്ഗം ഉപയോഗപ്പെടുത്തിയാൽ റോഡിലെ തിരക്ക് കുറയ്ക്കാനാകും. കൊല്ലം-കോട്ടപ്പുറം ജലപാത

പ്രാവർത്തികമാക്കാൻ സാധിക്കാത്തതും ചരക്ക് കപ്പൽ സർവ്വീസ് അവസാനിപ്പിച്ചതും ബോർഡ് ജീവനക്കാർക്ക് ശമ്പളം നൽകാൻ സാധിക്കാത്തതും ചെറുകിട തുറമുഖങ്ങളുടെ വികസനത്തിന് നിക്ഷേപം ആകർഷിക്കാൻ നടത്തിയ പ്രവർത്തനങ്ങൾ പരാജയപ്പെട്ടതും നിരാശാജനകമാണ്. 2017-ലെ പ്രധാന ആക്ടിന് വിരുദ്ധമായി ബോർഡിന്റെ അധികാരം അഡ്മിനിസ്ട്രേറ്ററിലൂടെ കവർന്നെടുക്കുന്നത് അംഗീകരിക്കാൻ കഴിയില്ല. മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ വിലയ്ക്ക് മണ്ണെണ്ണ ലഭ്യമാക്കുന്നതിനും സമ്പാദ്യ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് നൽകേണ്ട തുക അടിയന്തരമായി നൽകുന്നതിനും 60 വയസ്സിനുമുകളിലുള്ളവർക്കുള്ള പെൻഷൻ കുടിശ്ശിക നൽകുന്നതിനും പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായ കുടിശ്ശിക നൽകുന്നതിനും നടപടിയുണ്ടാകണം. മറൈൻ എഞ്ചിൻ വാങ്ങുന്നതിനുള്ള സബ്സിഡി പുനഃസ്ഥാപിക്കുന്നതിനും ഭവനനിർമ്മാണ പദ്ധതിയിലെ വീഴ്ചകൾ പരിഹരിക്കുന്നതിനും മുൻകയ്യെടുക്കണം. ചെറുതും വലുതുമായ യാനങ്ങളുടെ രജിസ്ട്രേഷനുള്ള തുക വർദ്ധിപ്പിച്ച നടപടി പുനഃപരിശോധിക്കണം. വിഴിഞ്ഞം തുറമുഖത്ത് ക്രൂ ചെയിഞ്ചിംഗ് പുനഃസ്ഥാപിക്കണം. മാരിടൈം ബോർഡ് ഭരണം അഡ്മിനിസ്ട്രേറ്ററുടെ കീഴിലാക്കുമെന്ന ഭേദഗതി ജനാധിപത്യവിരുദ്ധമാണ്.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): മാരിടൈം രംഗത്ത് വലിയതോതിലുള്ള പുരോഗതിയും മാറ്റങ്ങളുമാണ് വന്നുകൊണ്ടിരിക്കുന്നത്. ബേപ്പൂർ, അഴീക്കൽ, കൊല്ലം, വിഴിഞ്ഞം തുടങ്ങി സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള 17 നോൺ മേജർ തുറമുഖങ്ങളുടെ ഭരണനിർവ്വഹണത്തിനുവേണ്ടിയാണ് കേരള മാരിടൈം ബോർഡിന് രൂപംനൽകിയത്. സജീവമായ ഇടപെടലുകളിലൂടെ തുറമുഖങ്ങളെയും തീരങ്ങളെയും ചലനാത്മകമാക്കി സംസ്ഥാനത്തിന്റെ ചരക്ക്/പാസഞ്ചർ ഗതാഗതരംഗത്ത് ശ്രദ്ധേയമായ സ്ഥാനം ഉറപ്പാക്കുകയാണ് വേണ്ടത്. കേരളത്തിലെ ഉൾനാടൻ ജലഗതാഗതത്തെ പരിപോഷിപ്പിക്കാൻ ശക്തമായ നടപടി സ്വീകരിച്ചുവരികയാണ്. തുറമുഖങ്ങളുടെ ഫീഡർ സംവിധാനമായി സംസ്ഥാനത്തെ ഉൾനാടൻ ജലഗതാഗത മേഖലയ്ക്ക് മാറാൻ കഴിയുന്നതോടെ വാണിജ്യ/ടൂറിസം രംഗങ്ങളിൽ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാമ്പത്തികരംഗത്ത് മുന്നേറ്റമുണ്ടാക്കാനും സാധിക്കും. വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുന്നതിലൂടെ ചെറുകിട തുറമുഖങ്ങളുമായി ബന്ധപ്പെട്ട വികസന സാധ്യതകൾ പ്രയോജനപ്പെടുത്താൻ സാധിക്കണം. മാരിടൈം ബോർഡിന്റെ ഭരണനിർവ്വഹണത്തിലുണ്ടായ പ്രായോഗികവും ഭരണപരവുമായ

പ്രയാസങ്ങൾക്ക് പരിഹാരം കാണാനും ജീവനക്കാരുടെ സർവ്വീസ് പ്രശ്നങ്ങൾ പരിഹരിക്കാനും വേണ്ടിയാണ് ഈ ഭേദഗതികൾ കൊണ്ടുവന്നിരിക്കുന്നത്. ബോർഡിന് ഗുണപരമായും ഫലപ്രദമായും പ്രവർത്തിക്കാൻ കഴിയുന്ന തരത്തിൽ ഭരണപരമായ ചില അധികാരങ്ങൾ നൽകേണ്ടതുണ്ടെന്നും സർക്കാർ കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി ബോർഡ് പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുമുള്ള ഭേദഗതികളാണ് ഈ ബില്ലിലൂടെ കൊണ്ടുവന്നിരിക്കുന്നത്. ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളിൽ നിലവിലെ രീതി തുടരുന്നതിന് വ്യവസ്ഥ ചെയ്യുകയും മാരിടൈം ബോർഡ് ജീവനക്കാർക്ക് പൂർണ്ണമായും ശമ്പളം നൽകുകയും ചെയ്തിട്ടുണ്ട്. ളുത്തുക്കുടി, മംഗലാപുരം പോർട്ടിലെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതും ആലപ്പുഴ തുറമുഖത്തെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതുമാണ്. കേരളത്തിലെ എല്ലാ തുറമുഖങ്ങളെയും വികസിപ്പിക്കാനാണ് മാരിടൈം ബോർഡ് ലക്ഷ്യമിടുന്നത്. കണ്ടെയ്നർ ലോറികൾ റോഡുകളിൽ വലിയ തോതിൽ പ്രശ്നം സൃഷ്ടിക്കുന്നത് പരിഹരിക്കുന്നതിന് കണ്ടെയ്നറുകൾ കൂടുതൽ ഉൾക്കൊള്ളാൻ സാധിക്കുന്ന കപ്പൽ സർവ്വീസ് പുനരാരംഭിക്കുന്നതാണ്. കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. വിഴിഞ്ഞം

തുറമുഖത്ത് ക്രൂ ചെയിഞ്ചിംഗ് പുനരാരംഭിക്കുന്ന കാര്യം പരിഗണിക്കാമെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്. വിഴിഞ്ഞം തുറമുഖ വികസനത്തിന് എല്ലാവരുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

**രണ്ടാം വകുപ്പ്**

157, 161, 164, 165, 171, 173, 176, 177, 178, 179, 180, 181, 183, 188, 193, 194, 199, 201, 202, 206, 207, 208, 210, 212, 213, 214, 218, 219, 224, 225, 226, 228, 229, 230, 232, 233, 236 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു:

171. ഖണ്ഡം 2(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "റീജിയണൽ" എന്നതിനു പകരം

"മേഖലാ" എന്ന് ചേർക്കുക.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മൂന്നാം വകുപ്പ്

245, 247, 250, 255, 256, 257 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## നാലാം വകുപ്പ്

260, 261, 263, 266, 271, 272, 273, 274, 275, 276, 280, 285, 286, 288, 291, 292, 294, 295 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**അഞ്ചാം വകുപ്പ്**

300, 301 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**ആറാം വകുപ്പ്**

302, 303, 305, 308, 316, 319, 323, 324, 326, 327, 333 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു:

316. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1 എ)-ൽ "സാമ്പത്തികമര്യാദ" എന്നതിന് പകരം "സാമ്പത്തിക അച്ചടക്കം" എന്ന് ചേർക്കുക.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**ഏഴാം വകുപ്പ്**

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

7-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 17-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പിൽ " പ്രസ്തുത തസ്തികകൾ" എന്ന വാക്കുകൾക്ക് പകരം " ആ തസ്തികകളുടെ എൻട്രി കേഡർ " എന്ന് ചേർക്കണം.

336, 340, 341, 342, 344, 345, 347, 348, 350, 351, 353, 354,363, 364, 365, 370, 371, 377, 378, 382, 384, 385, 386, 387, 391, 392, 393, 398, 400, 401, 404, 405, 408, 409, 410, 416 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു:

336. ഖണ്ഡം 7-ൽ “ ഇനിപ്പറയുന്ന " എന്നതിന് പകരം "താഴെപ്പറയുന്ന" എന്ന് ചേർക്കുക.

392-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടെ മന്ത്രി സ്വീകരിച്ചു:

ബില്ലുവഴി ചേർക്കാനുദ്ദേശിക്കുന്ന ക്ലിപ്തനിബന്ധനയ്ക്കുശേഷം രണ്ടാമത്തെ ക്ലിപ്തനിബന്ധനയായിട്ടാണ് ചേർക്കേണ്ടത്. എന്നാൽ നിലവിലുള്ള ക്ലിപ്തനിബന്ധനയിൽ അടുത്ത വാചകമായി

" ഏതെങ്കിലും ജീവനക്കാരനെതിരെ ബോർഡ് അച്ചടക്ക നടപടി എടുക്കുന്ന സംഗതിയിൽ പ്രസ്തുത ജീവനക്കാരന് സർക്കാരിലേയ്ക്ക് അപ്പീൽ സമർപ്പിക്കാവുന്നതും പ്രസ്തുത അപ്പീലിൻമേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്." എന്ന് ചേർക്കണം.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## എട്ടാം വകുപ്പ്

418-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഒമ്പതാം വകുപ്പ്

421, 425, 427, 431, 434, 439, 441, 445, 446, 451, 454, 455, 462 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പത്താം വകുപ്പ്

464, 465, 469, 471, 472, 476, 477, 481 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**പതിനൊന്നാം വകുപ്പ്**

482, 483, 487, 488 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**പന്ത്രണ്ടാം വകുപ്പ്**

489, 490, 491 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

115, 117, 119, 120, 121, 122, 127, 129, 130, 132, 137, 140, 141, 144, 147, 156 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(സഭ ഉച്ചയ്ക്കുശേഷം 3.23- ന് പിരിഞ്ഞു.)

*********